# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6202 — 31-10-2011-ൽ മറുപടിക്ക്

## വൈദ്യുതി കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സർക്കാർ വകുപ്പുകളും പൊതു മേഖലാ സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിനു കുടിശ്ശിക നൽകാനുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളും ഓഫീസുകളുമാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും, തുകയും വെളിപ്പെടുത്താമോ; | (ബി) കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ പൊതുമേഖലാ-സഹകരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-E ആയി ചേർക്കുന്നു. |
| (സി) കുടിശ്ശിക പിരിച്ചെടുക്കാൻ ബോർഡ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.<br>(i) കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക.<br>(ii) കുടിശ്ശിക ഒടുക്കുന്നതിന് തവണവ്യവസ്ഥ അനുവദിക്കുക.<br>(iii) കുടിശ്ശികയ്ക്ക് പലിശയിളവ് അനുവദിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുക.<br>(iv) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.<br>(v) റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുക.<br>(vi) എച്ച്.ടി, എൽ.ടി വിഭാഗത്തിൽപ്പെട്ട വ്യവസായ ശാലകൾ, പ്ലാന്റേഷനുകൾ |

എന്നിവയുടെ പൂട്ടിക്കിടന്ന കാലയളവിലെ ഫിക്സഡ് ചാർജ്ജ്/മിനിമം ഡിമാന്റ് ചാർജ്ജ് എന്നിവ നിശ്ചിത തീയതിയ്ക്ക് മുമ്പേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ ഒഴിവാക്കി നൽകുക.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്